# എന്നിട്ടും മുന്നാക്ക സംവരണമോ?

**സർക്കാർ** വക ബിരുദ-ബിരുദാനന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യഥാക്രമം പത്തു ശതമാനവും 7.5 ശതമാനവും സീറ്റുകൾ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം ചെയ്തുകൊണ്ടുള്ള കേരള സർക്കാർ തീരുമാനം ശരിവെച്ചുകൊണ്ട് ജനുവരി 13-ന് കേരള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് എസ്.ആർ ബന്നൂർ മഠും ജസ്റ്റിസ് എ.കെ ബഷീറും ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധി പിന്നാക്ക സമുദായങ്ങളെ പൊതുവിലും മുസ്‌ലിംകളെ വിശേഷിച്ചും ഉത്കണ്ഠാകുലരാക്കിയിരിക്കുകയാണ്. മുന്നാക്കക്കാർക്കുള്ള സംവരണം ശരിവെക്കുന്ന ഡിവിഷൻ ബഞ്ച്, പിന്നാക്കക്കാർക്കുള്ള സംവരണം കുറച്ചുകൊണ്ടുവരണമെന്ന് ഗവൺമെന്റിനെയും പിന്നാക്ക ലേബൽ വെടിഞ്ഞ് മുഖ്യധാരയിൽ മത്സരിക്കാൻ തയാറാകേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞുവെന്ന് പിന്നാക്ക സമുദായങ്ങളെയും ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. സംവരണം മൂലം പിന്നാക്ക സമുദായങ്ങളുടെ സാമൂഹികാവസ്ഥയിൽ വമ്പിച്ച മാറ്റമുണ്ടായിക്കഴിഞ്ഞുവെന്നും ഇനിയും സംവരണം തുടർന്നാൽ ഈ സമുദായങ്ങളുടെ വളർച്ച മുരടിച്ചുപോകുമെന്നും, തുറന്ന മത്സരമുണ്ടായാലേ വിദ്യാഭ്യാസരംഗത്തും പ്രഫഷനൽ മേഖലയിലും മികവ് കൈവരിക്കാനാകൂ എന്നുമാണ് കോടതിയുടെ വിലയിരുത്തൽ.

നിരവധി ജാതി - മത സമുദായങ്ങൾ ഉൾപ്പെട്ടതാണ് ഇന്ത്യൻ ജനത. പ്രാചീന ഭാരതത്തിൽ ജനങ്ങൾ വിവിധ ജാതികളായി വിഭജിക്കപ്പെട്ടു. അവരിൽ അവർണരും സവർണരുമുണ്ട്. മേലാളരും കീഴാളരുമുണ്ട്. വിജ്ഞാനവും അധികാരവുമെല്ലാം മേൽജാതികളുടെ കുത്തകയായിരുന്നു. ഭൂ ഉടമസ്ഥത മുഴുവൻ മേൽജാതികൾക്ക്. കീഴ്ജാതികൾ വിദ്യ അഭ്യസിക്കുകയോ വേദമോതുകയോ ചെയ്യാൻ പാടില്ല. രാഷ്ട്രീയാധികാരം അവർക്കചിന്ത്യം. ചില കീഴാളർക്ക് മേലാളർ വെള്ളമെടുക്കുന്ന കിണറ്റിൽനിന്ന് വെള്ളമെടുക്കാനോ അവർ നടക്കുന്ന വഴിയിലൂടെ നടക്കാനോ പോലും പാടുണ്ടായിരുന്നില്ല. ഈവിധം ക്രൂരമായ ഉച്ചനീചത്വമുള്ള ബഹുജാതി സമൂഹം ഒരു സുപ്രഭാതത്തിൽ ജനാധിപത്യ റിപ്പബ്ലിക്കായി മാറുമ്പോൾ അതിലെ അടിച്ചമർത്തപ്പെട്ട അവശ വിഭാഗങ്ങൾക്ക് ജനാധിപത്യാവകാശങ്ങൾ അനുഭവിക്കാനും രാഷ്ട്രനിർമാണത്തിൽ സ്വാധീനം ചെലുത്താനും കഴിയുംവണ്ണം പൊതുജീവിതത്തിൽ ഭാഗഭാക്കാകാൻ കഴിയുകയില്ല എന്നത് ലളിതമായ ഒരു യാഥാർഥ്യമാണ്. അധഃസ്ഥിത വിഭാഗങ്ങളെ പ്രത്യേക സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകി പൊതുമണ്ഡലത്തിലേക്ക് കൈപിടിച്ചു കയറ്റുകയും സ്വയം കയറിവരാൻ പരിശീലിപ്പിക്കുകയും ചെയ്തില്ലെങ്കിൽ അറിവും അധികാരവും സമ്പത്തും ചരിത്രപരമായി മേൽജാതികളായിത്തീർന്നവരുടെ കരങ്ങളിൽ തന്നെ കേന്ദ്രീകരിക്കുകയും രാജ്യത്തിന്റെ ജനാധിപത്യവും റിപ്പബ്ലിക്കും പേരിൽ മാത്രം അവശേഷിക്കുകയും ചെയ്യും. മൗലികപ്രധാനമായ ഈ പ്രശ്നം പരിഹരിക്കാൻ ഭരണഘടനാ ശിൽപികൾ കണ്ടെത്തിയ മാർഗമാണ് അധഃസ്ഥിത വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിലും സർക്കാർ സർവീസിലും സംവരണം.

ഇന്ത്യ ഒരു വികസിത രാജ്യമോ സമ്പന്ന രാജ്യമോ അല്ല. ഇന്ത്യൻ ജനതയുടെ 40 ശതമാനത്തോളം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. പിന്നാക്ക അധഃസ്ഥിത വിഭാഗങ്ങളിൽ പെട്ടവരാണ് ഈ ദരിദ്ര കോടികളിൽ ഏറിയ കൂറും. മുന്നാക്ക വിഭാഗങ്ങളിലും ദാരിദ്ര്യമനുഭവിക്കുന്നവരുണ്ടെങ്കിലും അവരുടെ സംഖ്യ തുലോം തുഛമാണ്. സർക്കാ

റിന്റെ ദാരിദ്ര്യ നിർമാർജന പരിപാടികളിൽ ജാതി മത പരിഗണനകളില്ല താനും. വിദ്യാഭ്യാസത്തിലും ഉദ്യോഗങ്ങളിലും സംവരണം വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത് പട്ടിണി പരിഹാര പദ്ധതിയായിട്ടല്ല. സംവരണം കൊണ്ട് രാജ്യത്തെ ദാരിദ്ര്യം നിർമാർജനം ചെയ്യാനാവുകയുമില്ല. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവർക്കാണ് ഭരണഘടനയുടെ 15(4) 16(4) അനുഛേദങ്ങൾ സംവരണം വ്യവസ്ഥ ചെയ്തിട്ടുള്ളത്. മുന്നാക്ക വിഭാഗങ്ങൾക്കോ അവരിലെ ദരിദ്രർക്കോ സംവരണമില്ല. സാമ്പത്തിക സംവരണം സുപ്രീംകോടതി നിരാകരിച്ചിട്ടുമുണ്ട്.

മുന്നാക്ക സമുദായങ്ങൾ തുടക്കം മുതലേ സംവരണത്തിനെതിരാണ്. രാജ്യത്തിന്റെ പൊതുമണ്ഡലങ്ങളിൽ തങ്ങളുടെ ജാതി മേൽക്കോയ്മ നിലനിർത്തുകയാണതിന്റെ ലക്ഷ്യമെന്ന് വ്യക്തം. ആ ലക്ഷ്യം പക്ഷേ തുറന്നു പറയാൻ പറ്റില്ലല്ലോ. അതുകൊണ്ട് അസമത്വം ഇല്ലാതാക്കാൻ ആവിഷ്കരിക്കപ്പെട്ട സംവരണ വ്യവസ്ഥയെ സമത്വത്തിന്റെയും സാമൂഹിക നീതിയുടെയും പേരു പറഞ്ഞുതന്നെ തകർക്കാനുള്ള ശ്രമമാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. നായർ സമുദായത്തിന്റെ സംഘടനയായ എൻ.എസ്.എസ് ആണ് കേരളത്തിൽ മുന്നാക്ക സമുദായ സംവരണത്തിനു വേണ്ടി ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നത്. സർക്കാർ നിശ്ചയിച്ച ജസ്റ്റിസ് നരേന്ദ്രൻ കമീഷൻ വെളിപ്പെടുത്തിയതനുസരിച്ച്, സംസ്ഥാനത്തെ ജനസംഖ്യയിൽ 12 ശതമാനം മാത്രം വരുന്ന നായർ സമുദായത്തിന് സർക്കാർ സർവീസിൽ 35 ശതമാനവും സർവകലാശാലകളിൽ 48 ശതമാനവും കമ്പനികളിൽ 41 ശതമാനവും സ്വയംഭരണ സ്ഥാപനങ്ങളിൽ 45 ശതമാനവും പ്രാതിനിധ്യമുണ്ട്. ജനസംഖ്യാനുപാതികമായി കണക്കാക്കിയാൽ അർഹിക്കുന്നതിനേക്കാൾ മൂന്നിരട്ടി കൂടുതലാണീ പ്രാതിനിധ്യം. അതേസമയം ജനസംഖ്യയുടെ 26 ശതമാനത്തോളം വരുന്ന മുസ്‌ലിംകളുടെ ശരാശരി പ്രാതിനിധ്യം 9.35 ശതമാനമാണ്. അതായത് ജനസംഖ്യാനുപാതികമായി അർഹിക്കുന്നതിന്റെ പകുതിയിൽ താഴെ. ഈ സാഹചര്യത്തിലാണ് എൻ.എസ്.എസ് മുന്നാക്ക സമുദായ സംവരണത്തിനു വേണ്ടി മുറവിളി കൂട്ടുന്നത്. അവർക്ക് മത്സരിച്ച് ഹല്ലേലുയ്യ പാടുന്ന എൽ.ഡി.എഫ്-യു.ഡി.എഫ് കക്ഷികളെക്കുറിച്ച് ലജ്ജാവഹം എന്നല്ലാതെന്തുപറയാൻ!

സംവരണം മൂലം പിന്നാക്ക വിഭാഗങ്ങളുടെ അവസ്ഥ വളരെ മെച്ചപ്പെട്ടു എന്ന കോടതിയുടെ നിരീക്ഷണം ശരിയാണ്. സ്വാതന്ത്ര്യ പൂർവകാലത്തെ അവസ്ഥയുമായി തട്ടിച്ചുനോക്കിയാൽ അവരുടെ അവസ്ഥയിൽ വമ്പിച്ച മാറ്റമുണ്ടായിട്ടുണ്ട്. ഈ മാറ്റം ഇതിനേക്കാൾ എത്രയോ ഏറെ മുന്നാക്ക വിഭാഗങ്ങളുടെ അവസ്ഥയിലുമുണ്ടായിട്ടുണ്ട് എന്നത് കാണാതിരുന്നുകൂടാ. പിന്നാക്കക്കാർ മുന്നാക്കക്കാരുടെ ഒപ്പമില്ലെങ്കിൽ അയലത്തെങ്കിലും എത്തിയോ എന്നതാണ് പ്രസക്തമായ ചോദ്യം. അതിനുത്തരം ഇല്ല എന്നാണെങ്കിൽ അതുകൊണ്ടുതന്നെ പിന്നാക്ക സംവരണം തുടരേണ്ടത് അനിവാര്യമാണ്. സർക്കാർ തന്നെ നിശ്ചയിച്ച മണ്ഡൽ, സച്ചാർ, മിശ്ര, നരേന്ദ്രൻ തുടങ്ങിയ കമീഷനുകൾ നൽകിയ റിപ്പോർട്ടുകളിൽ മേൽ പറഞ്ഞ ചോദ്യത്തിന് വ്യക്തമായ ഉത്തരമുണ്ട്. അതൊക്കെ ശ്രദ്ധിച്ചിട്ടുള്ളവർക്ക്, പിന്നാക്ക വിഭാഗങ്ങൾ സംവരണം ആവശ്യമില്ലാത്തവണ്ണം വികസിച്ചുപോയി എന്ന് ഏതു ന്യായസ്ഥർ പറഞ്ഞാലും ക്രൂരമായ ഫലിതമായേ തോന്നൂ.

സംവരണ വ്യവസ്ഥയെ തുരങ്കം വെക്കാനുള്ള ശ്രമങ്ങളെ ബന്ധപ്പെട്ട കക്ഷികൾ ആസൂത്രിതമായും ഏകോപിതമായും നേരിടേണ്ടതുണ്ട്. വേണ്ടത്ര ആസൂത്രണമില്ലാതെ നടത്തപ്പെടുന്ന ഒറ്റപ്പെട്ട നീക്കങ്ങൾ ഗുണത്തിലേറെ ദോഷമാണ് ചെയ്യുക. കേരള ഹൈക്കോടതിയിൽനിന്നുണ്ടായ ഉപര്യുക്ത വിധി തന്നെ അതിന്റെ ഒരു ഉദാഹരണമാണ്. ■